കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ക്വാറികൾ

205 (1262) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ എത്ര ചെങ്കൽ, കരിങ്കൽ ക്വാറികളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ലൈസൻസുള്ള ക്വാറികൾ സംബന്ധിച്ചുള്ള വിവരങ്ങൾ സ്ഥലം, ലൈസൻസി, ലൈസൻസ് കാലാവധി എന്നിവ തിരിച്ച് ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ എത്ര അനധികൃത ക്വാറികൾക്കെതിരെയാണ് നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ അനുവദിച്ച ക്വാറികളുടെ എണ്ണം (നിലവിലുള്ളത്) പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	ചെങ്കൽ ക്വാറികളുടെ എണ്ണം	കരിങ്കൽ ക്വാറികളുടെ എണ്ണം
1	അജാനൂർ	7	-
2	ബളാൽ	-	6
3	കള്ളാർ	-	4
4	കിനാനൂർ കരിന്തളം	4	4
5	കോടോം ബേളൂർ	10	9
6	മടിക്കൈ	20	3
7	പനത്തടി	-	3
8	കാഞ്ഞങ്ങാട് നഗരസഭ	-	-

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) 36 ചെങ്കൽ ക്വാറികൾക്കെതിരെയും 22 കരിങ്കൽ ക്വാറികൾക്കെതിരെയും പിഴ ഈടാക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽപ്പെട്ടാൽ ക്വാറി പ്രവർത്തനം നിർത്തിവയ്ക്കാൻ ക്വാറിയുടമയോട് നിർദ്ദേശിക്കുകയും അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റിയും ഖനനം ചെയ്ത കുറ്റത്തിന് പിഴയടക്കമുള്ള തുക ക്വാറി ഉടമകളിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നു. കൂടാതെ ഇങ്ങനെയുള്ള തുക ക്വാറി ഉടമകൾ ഒടുക്കാത്ത സാഹചര്യത്തിൽ ക്വാറി സ്ഥിതി ചെയ്യുന്ന സ്ഥലമുടമയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

സർക്കാർ ഭൂമിയുടെ പാട്ടനിരക്ക്

206 (1263) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി പാട്ടത്തിൽ നല്കിയ ഇനത്തിൽ ലഭിക്കാൻ ബാക്കി നില്പുള്ള മൊത്തം കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പാട്ടനിരക്ക് ഏറ്റവും ഒടുവിൽ പുതിക്കിയത് എപ്പോഴായിരുന്നു ; ഇത് വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ ; എങ്കിൽ എത്ര ശതമാനം വീതം ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ആറന്മുളയിലെ പൊതുസ്ഥലങ്ങൾ വിമാനത്താവളക്കമ്പനിക്ക്

207 (1264) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമാനത്താവളക്കമ്പനിയായ കെ.ജി.എസ്. ഗ്രൂപ്പിന് ആറന്മുളയിലെ പൊതുസ്ഥലങ്ങൾ വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര ഏക്കർ സ്ഥലം, എന്ത് വിലയ്ക്ക് വിൽക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ;

(സി) ഇതു സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഏതെല്ലാം വില്ലേജുകളിലായി, ഏതെല്ലാം സർവ്വേ നമ്പരുകളിൽപ്പെട്ട, എത്ര ഏക്കർ ഭൂമി, എന്ത് വില നിശ്ചയിച്ചുകൊണ്ട്, ഏത് തീയതി മുതലാണ് കെ.ജി.എസ്. ഗ്രൂപ്പിന് നൽകാൻ തീരുമാനിച്ചിരിക്കുന്നതെന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly